# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1216

1.7.2015 – ൽ മറുപടിയ്ക്ക്

## ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പമന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം എന്ന ആശയം നടപ്പാക്കുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | എ) ഉണ്ട് |
| ബി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിന് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ ? | ബി) കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറൂമുകൾ ഉൾപ്പെടെ ഷോറും വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കയർ കേരള പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പോലുള്ള പരസ്യങ്ങൾ നൽകിയും വൈവിധ്യവൽക്കരണത്തിലൂടെ പുതിയ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുന്നുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ് പുതിയ ഏജൻസി ഷോറൂമുകൾ തുറക്കുകയും എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ പൊതു |

| | |
|---|---|
| | മേഖലാ സ്ഥാപനങ്ങളുടെയും കയർ സഹകരണ സംഘങ്ങളുടെയും ആഭ്യന്തര വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനു വേണ്ടി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു Marketing Research Division ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ